**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 383** **07-10-2024 - ൽ മറുപടിയ്ക്ക്**

**കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസിന്റെ വർദ്ധനവിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ്, അപേക്ഷ ഫീസ്, ലേ ഔട്ട് പരിശോധനാ ഫീസ് എന്നിവ വർദ്ധിപ്പിച്ച 2023 ഏപ്രിൽ 10 മുതൽ, 2024 ജൂലൈ 30 വരെ എത്ര അപേക്ഷകളാണ് പഞ്ചായത്തുകളിലും നഗരസഭകളിലുമായി ലഭിച്ചത്; ഇവയിലായി എന്ത് തുകയാണ് അപേക്ഷകർ ഫീസായി അടച്ചത്; വിശദമാക്കുമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | 2024 ഓഗസ്റ്റ് 1 മുതൽ കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് ഇളവു ചെയ്ത ശേഷം പിരിച്ച അധിക ഫീസിനത്തിൽ എത്ര അപേക്ഷകർക്ക് എന്തു തുകയാണ് തിരിച്ചു നൽകാനുള്ളത്; വിശദമാക്കുമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | അധിക ഫീസ് തിരിച്ചു നൽകുന്നതിന് എത്ര നാളത്തെ സാവകാശമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരിക്കുന്നത്; ഇതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (സി) | അധികമായി ഈടാക്കിയ പെർമിറ്റ് ഫീസും അപേക്ഷാ ഫീസും 2025 മാർച്ച് 31-നു മുൻപായി തദ്ദേശസ്ഥാപനങ്ങൾ തിരികെ നൽകേണ്ടതാണ്. അധികഫീസ്<br><br>തിരികെ നൽകുന്നതിന് 30/07/2024-ലെ സ.ഉ(കൈ.) നം.97/2024/LSGD പ്രകാരമുള്ള നടപടിക്രമങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br>1. ഗ്രാമപഞ്ചായത്തുകൾ അടുത്ത പഞ്ചായത്ത് യോഗത്തിലും, മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും അടുത്ത കൗൺസിൽ യോഗത്തിലും അധികമായി ഈടാക്കിയ പെർമിറ്റ് ഫീസും അപേക്ഷ ഫീസും തിരികെ നൽകുന്നതിനുള്ള ഒരു പൊതുതീരുമാനം എടുക്കേണ്ടതും, തുടർനടപടികൾ സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തേണ്ടതുമാണ്.<br><br>2. അധികമായി അടവാക്കിയ തുക തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ ഓൺലൈൻ മുഖേന നൽകേണ്ടതും അപേക്ഷയോടൊപ്പം പെർമിറ്റിന്റെ |

| | | | |
|---|---|---|---|
| | | | പകർപ്പ്, തുക അടവാക്കി യതിന്റെ രസീതു വിശദാംശങ്ങൾ(രസീത് നഷ്ടപ്പെട്ടുവെങ്കിൽ ആയതു സംബന്ധിച്ച അപേക്ഷകന്റെ സത്യപ്രസ്താവന) എന്നിവയും അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങളും ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പും ഉൾപ്പെട്ടുത്തേണ്ടതാണ്.<br>3. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ, മുൻഗണന ക്രമം അനുസരിച്ച് നടപടി സ്വീകരിച്ച് തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും അപേക്ഷകരുടെ ബാങ്ക് അക്കൌണ്ടിലേക്ക്തിരികെ നൽകുന്നതാണ്.<br><br>4. പെർമിറ്റ് ഉടമ മരണപ്പെട്ടസംഗതികളിൽ റവന്യൂ അധികാരികളുടെസാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ അനന്തരാവകാശി/ അനന്തരാവകാശികൾക്ക് ടി തുക അനുവദിക്കുന്നതാണ്.<br><br>5. പെർമിറ്റ് മറ്റൊരാൾക്ക് കൈമാറ്റം ചെയ്ത സംഗതികളിലും, വിവിധ കാരണങ്ങളാൽ പെർമിറ്റ് റദ്ദ ചെയ്തിട്ടുള്ള സംഗതികളിലും റീഫണ്ട്അപേക്ഷ പരിഗണിക്കുന്നതല്ല.<br><br>6. അപേക്ഷകർ ആവശ്യപ്പെടുന്ന പക്ഷം തിരികെ നൽകേണ്ടുന്ന തുക വസ്തു നികുതി ഇനത്തിൽ വരവ് വച്ച് ക്രമീകരിച്ച് നൽകാവുന്നതാണ്. |
| (ഡി) | ഫീസ് വർദ്ധിപ്പിച്ചത് കഴിഞ്ഞ സാമ്പത്തിക വർഷവും തിരിച്ച് കൊടുക്കേണ്ടി വരുന്നത് ഈ സാമ്പത്തികവർഷവും ആണെന്നതിനാൽ ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് നടപടികളെ ബാധിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദമാക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് വർധിപ്പിച്ചപ്പോഴും പിന്നീട് ഇളവ് ചെയ്തപ്പോഴും കേരള പഞ്ചായത്ത്രാജ്, കേരള മുനിസിപ്പാലിറ്റി നിയമങ്ങളുടെ ഭാഗമായ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇതിനായി ഭേദഗതി വരുത്തിയിരുന്നോ; പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി വരുത്താതെ ഫീസ് വർദ്ധിപ്പിച്ചത് നിയമവിരുദ്ധമാണെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ